"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - മുഖ്യമന്ത്രിയുടെ തദ്ദേശ റോഡ് പുനരുദ്ധാരണ പദ്ധതി 2.0 - ആലുങ്ങൽ കിഴക്കേ പട്ടായിപ്പാടം റോഡ് എന്ന പ്രവൃത്തിക്ക് പകരം രാമനാട്ടുകര മുൻസിപ്പാലിറ്റി മാരാത്ത്താഴം - കോലാർകുന്ന് - പെരുമ്പിൽതാഴം റോഡ് ഡ്രൈനേജ് ഉൾപ്പെടെ എന്ന പ്രവൃത്തിയ്ക്ക് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ(പി.പി) വകുപ്പ്**

സ.ഉ.(കൈ) നം.169/2025/LSGD തീയതി,തിരുവനന്തപുരം, 24-09-2025

---

പരാമർശം:-

1. 29.11.2024 ൽ LSGD-DB2/392/2024-LSGD-Part(1) നമ്പർ സർക്കുലർ.
2. 20.01.2025 ലെ സ.ഉ.(കൈ)നം.14/2025/LSGD.
3. 12.02.2025 ലെ സ.ഉ.(കൈ)നം.30/2025/LSGD.
4. ബഹു. പൊതുമരാമത്ത്, വിനോദ സഞ്ചാരവും വകുപ്പ് മന്ത്രിയുടെ 04.02.2025 ലെ 2087/MO/BPR/2025 നമ്പർ കത്ത്.
5. 19.05.2025 ലെ സ.ഉ.(കൈ)നം.80/2025/LSGD.

**ഉത്തരവ്**

സംസ്ഥാനത്തെ തദ്ദേശ സ്ഥാപനങ്ങളുടെ ഉടമസ്ഥതയിലുള്ള റോഡുകളുടെ പുനരുദ്ധാരണത്തിനായി 2024-25 ലെ സംസ്ഥാന ബഡ്ജറ്റിൽ വകയിരുത്തിയിരുന്ന 1000 കോടി രൂപ വിനിയോഗിച്ച് 3540 റോഡുകളുടെ പുനഃരുദ്ധാരണത്തിന് തദ്ദേശ റോഡ് പുനരുദ്ധാരണ പദ്ധതിയിൽ ഉൾപ്പെടുത്തി പരാമർശം (2) പ്രകാരം ഭരണാനുമതി നൽകിയിരുന്നു.

2. പരാമർശം (3) പ്രകാരം പ്രസ്തുത പ്രവൃത്തികളിൽ നിന്ന് 66 റോഡുകൾ ഒഴിവാക്കി പകരം 84 റോഡുകൾ കൂട്ടിച്ചേർക്കുകയും, പരാമർശം (5) പ്രകാരം പദ്ധതിയുടെ പേര് മുഖ്യമന്ത്രിയുടെ തദ്ദേശ റോഡ് പുനരുദ്ധാരണ പദ്ധതി 2.0 എന്ന് പുനർനാമകരണം ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തിരുന്നു.

3. പരാമർശം (3) പ്രകാരം ആലുങ്ങൽ കിഴക്കേ പട്ടായിപ്പാടം റോഡ് എന്ന പ്രവൃത്തിക്ക് 25 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. എന്നാൽ ടി റോഡിൽ പൊതുമരാമത്ത് വകുപ്പ് റോഡ്സ് വിഭാഗം ഫണ്ട് ഉപയോഗിച്ച് പ്രവൃത്തി ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുള്ളതിനാൽ ടി പ്രവൃത്തിയ്ക്ക് പകരം രാമനാട്ടുകര മുൻസിപ്പാലിറ്റി, മാരാത്ത്താഴം - കോലാർകുന്ന് - പെരുമ്പിൽതാഴം റോഡ് ഡ്രൈനേജ് ഉൾപ്പെടെ എന്ന പ്രവൃത്തിയ്ക്ക് ഭരണാനുമതി നൽകുന്നതിന്

നടപടി സ്വീകരിക്കണമെന്ന് പരാമർശം (4) പ്രകാരം ബഹു. പൊതുമരാമത്ത്, വിനോദ സഞ്ചാരവും വകുപ്പ് മന്ത്രി ആവശ്യപ്പെട്ടു.

4. സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. മുഖ്യമന്ത്രിയുടെ തദ്ദേശ റോഡ് പുനരുദ്ധാരണ പദ്ധതി 2.0 ൽ ഉൾപ്പെടുത്തി പരാമർശം (3) പ്രകാരം 25 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയ ആല്ലുങ്ങൽ കിഴക്കേ പട്ടായിപ്പാടം റോഡ് എന്ന പ്രവൃത്തിയുടെ ഭരണാനുമതി റദ്ദ് ചെയ്ത് പകരം രാമനാട്ടുകര മുൻസിപ്പാലിറ്റി മാരാത്ത്താഴം - കോലാർകുന്ന് - പെരുമ്പിൽതാഴം റോഡ് ഡ്രൈനേജ് ഉൾപ്പെടെ എന്ന പ്രവൃത്തിക്ക് 25 ലക്ഷം രൂപയുടെ ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
പ്രീത.കെ.എസ്.
അഡിഷണൽ സെക്രട്ടറി

പകർപ്പ്
പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്.
ചീഫ് എഞ്ചിനീയർ, തദ്ദേശ സ്വയംഭരണ വകുപ്പ്.
ധനകാര്യ വകുപ്പ്
ട്രഷറി ഡയറക്ടർ
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള,തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ.
വിവര - പൊതുജന സമ്പർക്ക വകുപ്പ് (വെബ് & ന്യൂ മീഡിയ)
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signed by
Manju L S
സെക്ഷൻ ഓഫീസർ
Date: 25-09-2025 12:39:47